**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2771** **28-10-2026-ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ക്വാർട്ടേഴ്സ് /ഫ്ലാറ്റ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ കീഴിൽ കെട്ടിട നിർമ്മാണ പ്രവർത്തി ആരംഭിച്ച കാഞ്ഞങ്ങാട്ടെ മാവുങ്കാൽ, പരപ്പ എന്നിവിടങ്ങളിലെ സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്/ഫ്ലാറ്റ് നിർമ്മാണം ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

**മറുപടി:** കാഞ്ഞങ്ങാട് മാവുങ്ങലിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റ് നിർമ്മാണം നിലവിൽ 65% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ Plastering, internal plumbing പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ലോറിംഗ് ജോലികൾ പുരോഗമിക്കുന്നു.

പരപ്പയിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ഫ്ലാറ്റ് നിർമ്മാണം 21% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് ബ്ലോക്കുകളുടേയും first floor column വരെയുള്ള structural പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർമ്മാണങ്ങൾക്ക് വേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നീക്കിവെച്ചതെന്ന് വിശദമാക്കാമോ;

**മറുപടി:** കാഞ്ഞങ്ങാട് മാവുങ്കലിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ഫ്ലാറ്റിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ 1.67 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിന്നും 1.67 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

പരപ്പയിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റിന്റെ ബാക്കി സിവിൽ ജോലികൾ പൂർത്തീകരിക്കാൻ 2.29 കോടി രൂപയും, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കുവാൻ 30 ലക്ഷം രൂപയും ഉൾപ്പടെ 2.59 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. ബഡ്ജറ്റ് വിഹിത്തിന്റെ പരിമിതി കാരണം 2026-27 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വിനിയോഗിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്.

**(സി)** നിർമ്മാണ കരാർ ആർക്കാണ് നൽകിയത് എന്ന് വിശദമാക്കാമോ;

**മറുപടി:** കാഞ്ഞങ്ങാട് മാവുങ്കലിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റി-ന്റെ സിവിൽ പ്രവൃത്തി ശ്രീ. അബ്ദുൾ നാസർ എം. എ. മാസ്തിക്കുണ്ട് ഹൗസ്, ചെങ്കള പി. ഒ., കാസർഗോഡ് എന്ന

കരാറുകാരനും ആയതിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ശ്രീ. സുനിൽ പി. പി., പുതിയപുരയിൽ, കടന്നപ്പള്ളി പി. ഒ., കണ്ണൂർ എന്ന കരാറുകാരനുമാണ് നല്കിയിട്ടുള്ളത്.

പരപ്പയിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റിന്റെ സിവിൽ പ്രവൃത്തി ശ്രീ. മുഹമ്മദ് ജാഷിദ് കരിപ്പൊടി, കരിപ്പൊടി വില്ല, കോട്ടിക്കുളം, ബേക്കൽ, കാസർഗോഡ് എന്ന കരാറുകാരനാണ് നല്കിയിരുന്നതെങ്കിലും നിലവിൽ ടി കരാറുകാരനെ പ്രവൃത്തിയിൽ നിന്നും Risk and Cost-ൽ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്.

**(ഡി)** നിർമ്മാണം തുടങ്ങിയിട്ടും പണിപൂർത്തിയാകാതെ നീളുന്നതിന്റെ സാഹചര്യങ്ങൾ വിശദമാക്കാമോ?

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മാവുങ്കലിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റ് നിർമ്മാണം 60% 2021-ൽ തന്നെ പൂർത്തീകരിച്ചിരുന്നു. ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ബിൽ പെയ്മെന്റിന് കാലതാമസം ഉണ്ടാവുകയും കരാറുകാരൻ പ്രവൃത്തി നിർത്തിവെക്കുകയും ബഹു. ഹൈകോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്ലാൻ ഫണ്ട് ലഭ്യമായതിനെ തുടർന്ന് പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.

പരപ്പയിലെ സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ്/ ഫ്ലാറ്റ് നിർമ്മാണം 21% പൂർത്തീകരിച്ചു. ഫണ്ട് ലഭ്യമാകാത്തതിനെ തുടർന്ന് ബിൽ പെയ്മെന്റിന് കാലതാമസം ഉണ്ടാവുകയും കരാറുകാരൻ നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. 2025-ൽ ബിൽ തുക ലഭ്യമായതിനു ശേഷവും കരാറുകാരൻ പ്രവൃത്തി പുനഃരാരംഭിക്കാത്തതിനെ തുടർന്ന് 16.10.2025 തീയതിയിലെ ബോർഡ് തീരുമാനം പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്നും risk and cost-ൽ ടെർമിനേറ്റ് ചെയ്തു.

**സെക്ഷൻ ഓഫീസർ**